IT

LAB on 15-06-14

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4** **09.06.2014-ലെ മറുപടിക്ക്**

## അധികാര ലഘൂകരണ നടപടികൾ

**ചോദ്യം**

ശ്രീ. എ.എം. ആരിഫ്
ശ്രീ. സാജു പോൾ
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. പുരുഷൻ കടലുണ്ടി

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു: മുഖ്യമന്ത്രി)

<table>
<tr><td>(എ)</td><td>ലോകത്തോടൊപ്പം കുതിക്കാനുള്ള ഭരണരംഗത്തെ അധികാര ലഘൂകരണ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;</td><td rowspan="4">(എ), (ബി), (സി) ആന്റ് (ഡി)<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണ രംഗത്ത് അധികാര ലഘൂകരണത്തിന്റെ ഭാഗമായി നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഭരണപരവും ധനകാര്യ പരവുമായ നിരവധി അധികാരങ്ങൾ വികേന്ദ്രീകരിച്ച് ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>മുഖ്യമന്ത്രിയുടെ ആദ്യ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥരുടെ ആധികാര പരിധി പുനർ നിർണ്ണയിച്ചും 45-ഓളം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണ വകുപ്പുകളുടെയും വകുപ്പ് തലവൻമാരുടെയും വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരുടെയും ധനകാര്യ അധികാരം ഉയർത്തി സർക്കാർ ഉത്തരവ് (പി) നമ്പർ 110/13/ധന തീയതി 1.3.13 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാർ ഓഫീസുകളിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ അവകാശമാക്കിയും സമയപരിധി നിശ്ചയിച്ചും സമയപരിധി ലംഘിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് പിഴ നിശ്ചയിച്ചും സർക്കാർ പുറപ്പെടുവിച്ച 'സേവനാവകാശ നിയമം' സംസ്ഥാന ഭരണ ലഘൂകരണ നടപടികളിലെ ചരിത്രപരമായ നിയമനിർമ്മാണമാണ്. ഇതിലൂടെ വിവിധ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാൻ അവസരമാണ് ഉണ്ടായിട്ടുള്ളത്.<br><br>ഭരണ നടപടികളിൽ വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം ഉപയോഗിച്ച് റവന്യൂ വകുപ്പ്, തദ്ദേശ</td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്തെ ജനങ്ങളുടെ നീറുന്ന ജീവിത പ്രശ്നങ്ങളിൽ ഇതുമൂലം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്ന നേട്ടങ്ങൾ വെളിപ്പെടുത്താമോ;</td></tr>
<tr><td>(സി)</td><td>അധികാരം ലഘൂകരിച്ച് നടപ്പാക്കുന്ന പുതിയ പദ്ധതിയും അതിനായി കണ്ടെത്തുന്ന പുതിയ ധനസ്രോതസ്സുകളും വ്യക്തമാക്കാമോ;</td></tr>
<tr><td>(ഡി)</td><td>ഇപ്രകാരമുള്ള പുതിയ പദ്ധതി നടത്തിപ്പുകളുടെ കൗണ്ട്ഡൗൺ എന്നു മുതൽ ആരംഭിക്കുമെന്നു കൂടി വിശദമാക്കാമോ?</td></tr>
</table>

| | | |
|---|---|---|
| | | സ്വയംഭരണ വകുപ്പ് , മോട്ടോർ വെഹിക്കിൾസ് വകുപ്പ് എന്നിവയുൾപ്പെടെയുള്ള വകുപ്പുകളിൽ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വളരെ വേഗത്തിലാക്കിയിട്ടുണ്ട്. അക്ഷയ പ്രോജക്റ്റ്, ഇ-ഗവേണൻസിന്റെ ഭാഗമായുള്ള ഇ-ഫയലിംഗ് എന്നിവ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ആധുനിക മുഖമാണ്. ചുരുക്കത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും നടപടി ക്രമം ലഘൂകരിച്ചും അധികാര വികേന്ദ്രീകരണം നടപ്പാക്കിയും ഈ സർക്കാർ ഭരണ നടത്തിപ്പ് വേഗത്തിലും സുതാര്യവുമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ